Delay in placing the proposals on the Education Code Revision Committee

മിസ്റ്റർ സി. എസ്സ്. പണിക്കർ: സർ, ദിവാൻജി അവർകൾ അദ്ദേഹത്തിന്റെ ആമുഖപ്രസംഗത്തിൽ വിദ്യാഭ്യാസകോഡ് പരിഷ്കരണകമ്മിറ്റിയുടെ റിപ്പോർട്ട് ഗവർമ്മെന്റിന്റെ കൂലങ്കഷമായ ആലോചനക്ക് പാത്രമായി തീർന്നിട്ടുണ്ടെന്നും, വിദ്യാഭ്യാസപരമായി പല നൂതനപ്രവൃത്തികളും ആവശ്യപ്പെട്ടുന്നതായ വലുതായിരിക്കുന്ന ഒരു തുക അടുത്തതന്നെ ഒരുപക്ഷെ ഉണ്ടാക്കുവാൻ മാർഗ്ഗമുണ്ടെന്നും ഉള്ള ഒരു പ്രസ്താവന ചെയ്തിട്ടുള്ളതുകൊണ്ട് ഞാൻ എന്റെ ഉപക്ഷേപത്തെ അതെ വെളിച്ചത്തിൽക്കൂടി ആലോചിച്ച് അവതരിപ്പിക്കേണ്ടെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

CUT MOTION No. 4

Appointment of Muslims as one of the Secretaries to Government

Mr. P. A. Muhamed Ashrof *(Cranganur):* Mr. Deputy President, Sir, I rise to move the cut motion *to urge the Government to appoint a Muslim as one of the Secretaries of the Government in the Huzur Secretariat.* Sir, at present there are several secretaries that is, one Secretary to Government two Joint Secretaries and three Assistant Secretaries besides a Legal Remembrancer. Of these, 4 are caste Hindus, 2 Christians and 2 Ezhuvas. It seems there is a convention that the Secretary to Government should always be a caste Hindu.

(A Voice No, No.)

This convention in my opinion.... ...

Mr. V. R. Krishnan Ezhuthassan *(Urakam):* May I know whether there is any convention as mentioned by the Hon'ble Member ?

Mr. B. V. K. Menon *(Secretary to Government):* Not to our knowledge.

Mr. P. A. Muhamed Ashrof *(Cranganur):* That is enough for me. When Mr. Raghavan was promoted as Superintendent of Registration and Anchal, Mr. Velunny was appointed in his place to fill up the claims of the Ezhuva Community.

Mr. P. Govinda Menon *(Ernakulam):* Is that so Sir ?

Mr. P. A. Muhamed Ashrof *(Cranganur):* I am sure that this House will support me when I plead for communal justice and equity and I think the treatment meted out to my community was not at all fair and if the Government is prepared to appoint one Muslim in the Secretariat as one of the Secretaries it will be welcomed not only by my community but also by other communities as well. Sir I do not want to proceed further. I shall be as short as possible. I suppose that this House will support my claim as well as that of my community by helping me to pass this motion in this House.

Mr. P. Kumaran Ezhuthassan *(Vadakkancheri):* A word Sir, Will the Hon'ble Member be agreeable to take on an Ezhuthassan also? (Laughter).

Mr. P. A. Muhamed Ashrof *(Cranganur):* Not only that. But all communities.

മിസ്റ്റർ പി. എം. മായൻകുട്ടിസാഹിബ്: സർ, ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി അനുകൂലിക്കുന്നു. എന്റെ മുൻഗാമി പറഞ്ഞ ഒരു അവകാശവാദം, അതായതു് കൊച്ചി മഹാരാജാവ് തിരുമനസ്സിലെ പ്രജകളിൽ ഒരു ലക്ഷത്തി എൺപതിനായിരത്തോളം വരുന്ന മുസ്ലീം സമുദായത്തിനു് ഈ കാലത്തിനുള്ളിൽ ഗവർമ്മെണ്ടുദ്യോഗങ്ങളിൽ ഏറ്റവും വലിയ ഒരു സ്ഥാനം ലഭിച്ചിട്ടുള്ളതു് ഒരു മുൻസിഫ് യജമാനൻ മാത്രമാണു്. അതിൽക്കൂടിയ ഒരു സ്ഥാനമില്ലെന്നു് പറയുമ്പോൾ പോലീസ്സ് കമ്മീഷണർ ഒരു മുസ്ലീമല്ലെയെന്നു് ഒരുപക്ഷെ പറഞ്ഞേക്കാം. അതു് ഇന്നത്തെ യുദ്ധപരിതഃസ്ഥിതിയിൽ ഒരു ലീസ്സ് ലെൻറ് അറേഞ്ച്മെണ്ടിൽ പെട്ടതാണു്. അതു് മുസ്ലീംസമുദായത്തിന്റെ അവകാശത്തെ വകവെച്ചു കൊടുത്തതാണെന്നു് ആരെങ്കിലും പറഞ്ഞാൽ അതു വകവെച്ചു കൊടുക്കുവാൻ ഞാൻ ഒരുക്കമില്ല. ആ സ്ഥിതിക്കു് മേലാൽ വരുന്ന ഒഴിവുകളിൽ മുസ്ലീം സമുദായത്തിനു് വേണ്ടുന്ന പ്രാതിനിദ്ധ്യം കൊടുക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ടു് അശ്രദ്ധ കാണിക്കരുതെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. Shabdai S. Koder *(Nominated):* Mr. President, The Hon'ble Member for Muslims has my full sympathy but before any Muslim or Christian came into this land, we Jews (Laughter) have been here. For 2,000 years we have been here in this State and have been one of the most Loyal subjects of His Highness the Maharaja. So justice demands that before any community is appointed a Jew should be given preference. I shall be only glad to see a

LIBRARY ARCHIVES Kerala Legislative Assembly

Muslim and an Ezhuthassan also sitting along with him. With these words I support the Motion.

റാവുസാഹിബ്ബ് കെ അയ്യപ്പൻ: സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സിക്രട്ടറിയായിട്ട് ഒരു മുസ്ലീമിനെ എടുക്കണമെന്നുള്ളനിലയിലല്ല ഞാനിതിനെ അനുകൂലിക്കുന്നതു്. സിക്രട്ടറിയേറ്റിൽ ഉള്ള ഉയർന്ന ഗ്രേഡുകളിൽ മുസ്ലീമിങ്ങൾക്കു പ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ള ഒരു നിലയിൽ ഈ കട്ട്മോഷനിൽ പറഞ്ഞിരിക്കുന്ന സംഗതിയെക്കുറിച്ച് വാദിക്കുന്നതായാൽ ഇതിലുംകൂടുതൽ പ്രയോജനകരമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. സെക്രട്ടറിയേറ്റിൽ കഴിയുന്നതും എല്ലാസമുദായക്കാർക്കും പ്രവേശനംകൊടുക്കണമെന്നുപറയുന്നതു സമുദായപ്രാതിനിദ്ധ്യത്തിനുവേണ്ടിമാത്രമല്ല, സർവ്വീസിന്റെ ഗുണത്തിനുംകൂടിയാണ്. മഹാരാജാവുതിരുമനസ്സിൽനിന്നുവരുന്ന അനുഗ്രഹങ്ങൾ ജനങ്ങൾക്കെത്തിക്കുന്നതിനും, ജനങ്ങളുടെ ആവശ്യങ്ങൾ മഹാരാജാവുതിരുമനസ്സിലെ അടുത്തു് എത്തിക്കുന്നതിനും വേണ്ടി ആദ്യമായി സിക്രട്ടറിയേറ്റിൽ ഈ ഒബ്ബ്സ്റ്റക്കിൾ റെയിസ് നടത്തണം. അതു ശരിയായവിധത്തിൽ നടത്തുവാൻ ഈ രാജ്യത്തെ എല്ലാസമുദായങ്ങളിലേയും ആളുകൾ ഹജൂരിൽ ഉണ്ടായിരുന്നാൽ വളരെ നല്ലതാണ്. അതുകൊണ്ടു് ആക്ഷേപം വരുകയുമില്ല. പല സമുദായങ്ങളുമുള്ള ഒരു രാജ്യത്തിൽ ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഏതെങ്കിലും ഒരു ജാതിക്കാർമാത്രമായാൽ ആ ജാതിക്കാരുടെ കുണ്ടാമണ്ടികൾ മുഴവനും ഇട്ടുമൂടുവാൻ ശ്രമംനടന്നെക്കും. അങ്ങിനെയുള്ള കുണ്ടാമണ്ടികൾക്കിടയിൽ വേറൊരാൾ ഇരിക്കുവാനുണ്ടായാൽ അയാൾ തീച്ചയായും അതുമുഴവൻ ഉറന്നുവിടും. അതുകൊണ്ടു് ഏതുനിലക്കും സമുദായപ്രാതിനിദ്ധ്യം വളരെ നല്ലതാണെന്നാണ് എനിക്കു പറയുവാനുള്ളതു്. അതു് ഏറ്റവുമധികം ആവശ്യമുള്ളതു് സിക്രട്ടറിയേറ്റിലാണ്. ഗവർമ്മെണ്ടിന്റെ തലയായ സിക്രട്ടറിയേറ്റിൽ പ്രാതിനിദ്ധ്യം കിട്ടിയാൽ വളരെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ന്യായമായനിലയിൽ രാജ്യത്തെ സേവിക്കുവാനും, ജനങ്ങളെ സേവിക്കുവാനുമുള്ള അവസരംകിട്ടും. ഇതിനു് ബഹുമാനപ്പെട്ട അധ്യക്ഷതമെമ്പറോടു് പറഞ്ഞമാതിരി "സിക്രട്ടറിമാരുടെ ഒഴിവില്ല, അതിനാൽ മറുപടിപറയുവാൻ പ്രയാസമുണ്ടു്" എന്നൊന്നുമല്ല സമാധാനം പറയേണ്ടതു്. ഇക്കാര്യത്തിൽ ദിവാൻജിയും സിക്രട്ടറിയേറ്റും പേഴ്സനൽ ഇൻറ്റർസ്റ്റു് എടുത്താൽ എല്ലാവർക്കും തൃപ്തികരമായനിലയിൽ ഗവർമ്മെണ്ടു ചട്ടങ്ങൾക്കു വിഷമം ഉണ്ടാകാത്തരത്തിലുംസർവ്വീസിനു കഴപ്പുമുണ്ടാകാത്തവിധത്തിലും ന്യായംചെയ്യുവാനുള്ള അവസരംകിട്ടും. അതുകൊണ്ടു് ബഹുമാനപ്പെട്ട ദിവാൻജിഅവർകളും സിക്രട്ടറിയേറ്റും ഈ സംഗതിയിൽ ഒരു പേഴ്സനൽ ഇൻറ്റർസ്റ്റു് എടുക്കണമെന്നുമാത്രമാണ് എനിക്കുപറയുവാനുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ ഡപ്യൂട്ടിപ്രസിഡണ്ടു്, മിസ്റ്റർ അയ്യപ്പൻ ഈ ഉപക്ഷേപത്തിന്റെ അടിസ്ഥാനമെന്താണെന്നു വിശദീകരിച്ചു. ആ അടിസ്ഥാനം ഞങ്ങൾക്കു സമ്മതമാകുന്നുമാണ്. നിയമസഭകളിലും, പ്രതിനിധിസഭയിലും, ഗവർമ്മെണ്ടുസർവ്വീസുകളിലും എല്ലാ സമുദായങ്ങൾക്കും ന്യായമായ പ്രാതിനിദ്ധ്യംവേണമെന്നു അവകാശവാദം ചെയ്യുന്നവരാണ് ഞങ്ങൾ. അതാണ് ഈ പ്രമേയത്തിന്റെ അടസ്ഥാനമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മുസ്ലീംമെമ്പറുടെപിന്നിൽ ഞങ്ങളുണ്ടു്.

മിസ്റ്റർ പി. എ. മഹമ്മദ് അബ്ദുറഹ്മാൻ: തീച്ചയായും അതാണ് അടിസ്ഥാനം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാൽ ഇത് ഇവിടെകൊണ്ടുവന്നിട്ടുള്ള വിധത്തിൽതന്നെ വോട്ടിനിട്ടു് പാസ്സാക്കണമെന്നുള്ളതാണെങ്കിൽ ഞങ്ങളിതിനെ അനുകൂലിക്കുകയില്ല. ആ ബുദ്ധിമുട്ടു് ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പറും മനസ്സിലാക്കിയാണ് പ്രസംഗിച്ചതെന്നു ഞങ്ങൾക്കറിയാം. ഏഴോ എട്ടോ സിക്രട്ടറിമാരുള്ളതിൽ ഒരു സിക്രട്ടറി ഞങ്ങൾക്കുവേണം; ഒരു സിക്രട്ടറി ഞങ്ങൾക്കുവേണം എന്നുള്ളവാദം സമുദായപ്രാതിനിദ്ധ്യവാദത്തെ ജനങ്ങളുടെദൃഷ്ടിയിൽ അഭാസമാക്കിത്തീർക്കുവാൻ മതിയാകുന്നതാണെന്നു് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഈ സമുദായപ്രാതിനിധ്യതത്വത്തെ ചിലപ്പോൾ ചിലദിക്കുകളിൽ ആക്ഷേപിക്കുന്നതു് പരിഹാസകരമായവിധത്തിൽ അതിനെ പ്രകടിപ്പിച്ചതുകൊണ്ടാണ്. ഇന്ന ഇന്ന ഉദ്യോഗങ്ങൾ എന്നു് എടുത്തുകാണിച്ചു് അവിടെ ഞങ്ങളിലൊരാളെ വെക്കണമെന്നുപറയുമ്പോൾ അതിന്റെ ആഭാസമായഭാഗമാണ് നമ്മുടെദൃഷ്ടിയിൽപെടുന്നതു്. ഒരു മുസ്ലീമിനെ സിക്രട്ടറിയേറ്റിൽ സിക്രട്ടറിയായിട്ടുവെക്കുകയാണെങ്കിൽ ഇപ്പോഴത്തെ സിക്രട്ടറിമാരെ എന്തുചെയ്യുമെന്നുള്ള ഒരു ചോദ്യംവരും.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കൊട്ടങ്ങല്ലൂർ മുസ്ലീംമെമ്പർ ഈ ഉപക്ഷേപം അവതരിപ്പിച്ച അവസരത്തിൽ അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായിരുന്നതു് എന്താണെന്നു് കണയന്നൂർ ഇഴവമെമ്പർ വ്യാഖ്യാനിച്ചതനുസരിച്ചുള്ള തത്വത്തെ ഞങ്ങൾ അനുകൂലിക്കുന്നതോടൊപ്പംതന്നെ ഈ ഉപക്ഷേപത്തെ ഈവിധത്തിൽ അനുകൂലിക്കുവാൻ നിവൃത്തിയില്ലെന്നുകൂടി അറിയിച്ചുകൊള്ളുന്നു.

Mr. S. P. Luiz *(Nominated):* Mr. President. I am fully in sympathy with the Hon'ble Muslim Member who has brought forward this motion to the House requesting a Muslim to be entertained by the Government as Secretary. Unfortunately it looks to me that the Secretariat and the Secretaries should be a real acquarium of communal representation. I feel that the Muslims in India have got a political importance for which they have worked their way up and I would suggest that this matter will get the direct attention of the Government and if this motion is to be carried by the House I may also add to give to the Anglo-Indian Community also who had never had the privilege of entering those doors.

Mr. B. V. K. Menon *(Secretary to Government):* Sir, I am sorry I have to oppose the cut motion as it is. The policy of the Government is well known. We have allotted specific and definite quotas for the different communities in the lower grades and in the Higher ranks, while such a quota cannot be assured, the communal claims of the different communities have always received the sympathetic consideration of the Government. And instances will not be found wanting where Government have gone far out of their way from the general seniority considerations alone to satisfy these communal claims. Having stated the general policy of the Government to that extent, I am sure, the Hon'ble House will not expect the Government to support this cut motion which raises the issue that one of the Secretaries in the Secretariat—the Secretary to Government, Joint Secretary or Assistant Secretary whatever that he should always be a Muslim. Government certainly cannot accept that position. After all, there are only a handful of posts there and every community cannot claim as a matter of right to have one of those posts. I think, therefore, I have to oppose this motion.

Mr. P. Govinda Menon *(Ernakulam):* I think there are too many Secretaries there now.

Mr. K. S. Panicker *(Trichur-Ezhuvas):* Formerly there was only one.

മിസ്റ്റർ മഹമ്മദ് അഷ്റഫ്: ബഹുമാനപ്പെട്ട എറണാകുളം മെമ്പറുടെ പ്രസംഗത്തിനുശേഷം എന്റെ ഖണ്ഡനോപക്ഷേപത്തെ എക്സ്പ്ലെയിൻചെയ്തുകൊണ്ടു് രണ്ടുവാക്കു സംസാരിക്കുവാൻ എന്നെ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ഉപക്ഷേപം ഇതാണു്. "To urge the Government to appoint a Muslim as one of the Secretaries of the Government in the Huzur Secretariat" ഈ ഉപക്ഷേപത്തിനു ബഹുമാനപ്പെട്ട എറണാകുളം മെമ്പർ മനസ്സിലാക്കിയതു് എല്ലായ്പ്പോഴും ഒരു സിക്രട്ടറിമുസ്ലീം സമുദായത്തിൽനിന്നു് ഉണ്ടാകണമെന്നു ഞാൻ ആവശ്യപ്പെട്ടന്നതായിട്ടാണു്. അതിൽ ഞാൻ വ്യസനിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല ധരിച്ചതു്, ഇതിൽ പറഞ്ഞതുതന്നെയാണു് ധരിച്ചതു്.

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: എതാണ്ടു് വളരേക്കാലമായി സിക്രട്ടറിയേറ്റിൽ മറ്റു പല സമുദായങ്ങൾക്കും റപ്രസെന്റേഷൻ കൊടുത്തും കൊടുക്കാതേയും പല സിക്രട്ടറിമാരും വന്നുപോയിക്കൊണ്ടിരിക്കുന്നുണ്ടു്. ഇന്നു് മുസ്ലീംസമുദായത്തിൽ കപാളിഫൈഡ്ഹാന്റ്സ് ഇല്ലെന്നുപറയുവാൻ തരമില്ല. ഈ ഒരു പരിതസ്ഥിതിയെ പരാഗണിച്ചിട്ടെങ്കിലും അടുത്തുവരാവുന്ന ഒഴവിൽ മുസ്ലീംസമുദായത്തിൽപെട്ട ഒരാളെ ഒരു സിക്രട്ടറിയായി നിയമിച്ചു്, ആ സമുദായത്തിന്റെ അവകാശങ്ങളെ പാലിക്കണമെന്നാവശ്യപ്പെടുവാനാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

സർ, ദിവാൻ പ്രസിഡണ്ടുവർകൾ അദ്ദേഹത്തിന്റെ ഓപ്പണിംഗ് സ്പീച്ചിൽ ഇന്നത്തെ സിക്രട്ടറിയേറ്റിനെ ഒരു ഫിനാൻസ് സിക്രട്ടറിയേറ്റായി പരിഷ്കരിക്കണമെന്നും, അതു് ഉടനെ നടത്തുമെന്നും പറയുകയുണ്ടായി. ആ പരിഷ്കരണത്തോടുകൂടിതന്നെ രണ്ടോ മൂന്നോ സിക്രട്ടറിമാരെ കൂടുതലായി നിയമിക്കുമെന്നാണു് എന്റെ അറിവു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: ബഡ്ജറവനോക്കിയാൽതന്നെ അറിയാം.

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: ബഡ്ജറിലില്ലെങ്കിൽ ഒരു സപ്ലിമെന്ററി ഗ്രാന്റുകൊണ്ടുവന്നുകൂടാ എന്നില്ല. അതുകൊണ്ടു് വേക്കൻസി വരുമ്പോഴെങ്കിലും മുസ്ല

LIBRARY ARCHIVES Kerala Legislative Assembly

സമുദായത്തിൽനിന്നും ഒരാളെ ഫ്ലസർസിക്രട്ടറിയേറിലെ ഉയന്ന ഉദ്യോഗത്തിൽനിയമിച്ച് എന്റെ സമുദായത്തിന്റെ ന്യായമായ അവകാശത്തെ പാലിക്കണമെന്നാണ് എനിക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനെ അറിയിക്കുവാനുള്ളത്. പണ്ട് കപാളിഫൈഡ് ഹാൻറ് സും, എക്സ്പീരിയൻസുള്ളവരും ഇല്ലെന്നൊരു വാദം ഗവർമ്മെണ്ടിനുണ്ടായിരുന്നു. ഇന്നാകട്ടെ ഈ സിക്രട്ടറിമാരേക്കാൾ കൂടുതൽ കപാളിഫിക്കേഷനും, എക്സ്പീരിയൻസും ഉള്ളവർ ഓരോ ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ട എന്റെ സമുദായത്തിലുണ്ട്.

സർ, ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ പ്രസ്തുചെയ്യണമെന്ന വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്ന എന്റെ സമുദായത്തിനുള്ള അവകാശത്തിന്റെ ശരിയായവീതം നൽകുമെന്നും, ഇതിനൊരു പരിഹാരം ഉണ്ടാക്കുമെന്നുമാണ് എന്റെ വിശ്വാസം. ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നും, ഇതു ബഹുമാനപ്പെട്ട സഭ കേൾക്കണമെന്നും, മറെറല്ലാ സമുദായങ്ങളും അറിയണമെന്നുമുള്ള ഒരൊറ ഉദ്ദേശമല്ലാതെ ഈ ഉപക്ഷേപംകൊണ്ട കൂടുതലായ യാതൊരു ഉദ്ദേശവും എനിക്കില്ല. അതുകൊണ്ട ബഹുമാനപ്പെട്ട സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Cun motion, by leave, withdrawn

Cut motion No. 5

Elected President for the Legislative Council

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* Sir, Before I move the cut motion let me congratulate you, Sir, in my personal capacity. The motion that stands against my name reads like this. To reduce the allotment of Rs. 18,390, Legislative Council in Demand No. 16 (4) by Re. 1 *to urge upon the Government the necessity of having an elected President for the Council.* I request the Hon'ble Members of this House inclusive of Treasury Benches to view the proposition on the background that I will quote section after section of the Cochin Constitution Act. From the date on which the Constitution Act was passed I visualise, Sir, this Council as one which is not a successor of the Councils 4 in number that p eceded the Constitution. For want of time I simply give references to several sections there. Section 12 of the Act says that we will have, there shall be a Legislature for the Cochin State which shall consist, of His Highness and a chamber known as the Legislative Council. It is for the latter portion the Legislative Council that I want an elected President. That is the subject matter of the cut motion. I have stated that the Legislative Council as contemplated therein after the Constitution Act is something different. Now Legislature is again defined in Section 13, Legislative Council shall consist of the Diwan and 58 Members, 38 elected and 20 nominated members. Under section 19 the Diwan is made ex-offico President of the Council and the Deputy President presides only during the absence of the President. The Deputy President, who, according to me, alone approximates the Speaker of the House of Commons who is the Guardian of the rights and privileges of this House is to preside only when the Diwan is not presiding and that Diwan President is not one who approximates to the level of the Speaker of the House of Commons and he is higher in many respects.

Mr. P. Govinda Menon *(Ernakulam):* In what respects?

Mr. P. Kumaran Ezhuthassan *(Vadakkancheri):* I will show how. The Diwan is higher in the matter of salary and not in the matter of Status. It was on this question that the President cannot be approximated to the level of the Speaker of the House of Commons. I say therefore that the next approximation was the Deputy President. So it is in the place of such a President here that I propose to have an elected President. I again emphasis the fact that the President of the House not the President as existing but the President as I visualise a representative of the 58 Members of this House unlike a paid servant who is the Diwan. It is such an elected President I visualise through this that I demand rather. It is a very well known maxim of Parliamentary life that the Diwan President, the Speaker of the House, is the custodian of the rights and privi eges of the House which are many in number as embodied here, who is to respect conventions, who is to create conventions, who has to give correct rulings, prompt decisions on important questions placed before him which are like springing a surprise. That is the sort of the surprise that the President's office is a very difficult one. It is why that I want an elected President. In section 22 the privileges of the House are mentioned. Probably Hon'ble Members

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly